പൂർത്തിയാക്കണം (അതായത് 25.4.2001) എന്നാൽ ഈ ജോലി ഹൈക്കോടതി വിലക്കിയിരിക്കുകയാണ്. വിലക്ക് മാറുന്ന മുറയ്ക്ക് പണികൾ ആരംഭിക്കും.

(ഇ) ഉണ്ട്.

(എഫ്) ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരൻ ടെണ്ടർ കണ്ടിഷൻ അനുസരിച്ച് ഹാജരാകേണ്ട ബാർ ചാർട്ട് ഹാജരാക്കിയിരുന്നില്ല. അത്യാവശ്യം പരിശോധനകൾക്കുവേണ്ടിവന്ന ടെണ്ടറിന്റെ കാലാവധി നീട്ടിത്തന്നില്ല. ഈ കരാറുകാരന്റെ മുൻകാല ജോലികൾ പലതും കുഴപ്പങ്ങൾക്ക് ഇടവരുത്തിയിട്ടുണ്ട്. മുൻകാലജോലികൾ തൃപ്തികരവുമായിരുന്നില്ല. ഇതേ സമയം രണ്ടാമത്തെ കുറഞ്ഞ കരാറുകാരന്റെ മുൻകാല പ്രവൃത്തികൾ തൃപ്തികരമായാലും സാങ്കേതികവും, സാമ്പത്തികവുമായ സ്ഥിതി മെച്ചമാകയാലും ഏറ്റവും കുറഞ്ഞ കരാറുകാരന്റെ റേറ്റ് സമ്മതമായതിനാലും, ടെണ്ടറിന്റെ കാലാവധി നീട്ടിത്തരുവാൻ തയ്യാറായതിനാലും, രണ്ടാമതു കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി അനുവദിച്ചത് തികച്ചും ശരിയാണ് എന്നതാണ് ബോർഡ് സ്വീകരിച്ച നിലപാട്.

(1866) ജലസേചന വകുപ്പിലെ പണികൾക്ക് താൽക്കാലിക നിരോധനം

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനവകുപ്പിൽ നദികളുടെ കരകെട്ടി സംരക്ഷിക്കുന്ന പണികളുടെ നോൺ പ്ലാൻ ഇനത്തിലുള്ള ജോലികൾക്ക് 1999-2000 വർഷത്തിൽ ഇതുവരെ എന്തെങ്കിലും താൽക്കാലിക നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിരോധനം ഏർപ്പെടുത്തിക്കൊണ്ടുള്ള നിർദ്ദേശങ്ങളുടെ പകർപ്പു ലഭ്യമാക്കുമോ;

(ബി) 1999-2000 വർഷത്തിൽ ഈ ഇനത്തിൽ എത്ര രൂപയ്ക്കുള്ള പണികൾ ഏറ്റെടുത്തു നടത്താൻ അനുമതി നൽകിയിട്ടുണ്ടെന്നും ഇതിൽ എന്തെല്ലാം പണികൾക്ക് ടെണ്ടർ ക്ഷണിച്ചു എന്നും വ്യക്തമാക്കുമോ;

(സി) പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പണികൾക്ക് അനുമതി നൽകിയിട്ട് താൽക്കാലിക നിരോധനം മൂലം പണി ചെയ്യാൻ സാധിക്കാതെയുണ്ടെന്നും ഇവ ഈവർഷം ചെയ്യാൻ സാധിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നിർദ്ദേശങ്ങളുടെ പകർപ്പു അനുബന്ധം 1-ഉം 2-ഉം ആയി ചേർത്തിട്ടുണ്ട്.†

(ബി) 1999-2000 സാമ്പത്തിക വർഷം 22,15,912 രൂപയ്ക്കുള്ള പണികൾ ഏറ്റെടുത്തു നടത്താൻ അനുമതി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം 3- ആയി ചേർത്തിട്ടുണ്ട്.

(സി) ഇത്തരത്തിലുള്ള പണികൾ ഒന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly